**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5106** **02-11-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ് പ്രകാരം കർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭങ്ങൾ മൂലം വിളനാശം സംഭവിച്ചാൽ ഉടനെതന്നെ കർഷകർക്ക് നേരിട്ട് നഷ്ടപരിഹാരം ലഭിക്കത്തക്ക എന്തെല്ലാം നടപടികളാണ് വിള ഇൻഷുറൻസ് പ്രകാരം നിലവിൽ സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ കൃഷി വകുപ്പിന്റെ AIMS Portal മുഖേന ഓൺലൈനായാണ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗങ്ങളായ കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 15 ദിവസത്തിനുള്ളിൽ AIMS Portal മുഖേന അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ കൃഷി ഭവൻ തലത്തിലുള്ള പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം കൃഷി ഡയറക്ടറേറ്റിൽ നിന്നും DBT സംവിധാനത്തിലൂടെ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നഷ്ടപരിഹാര തുക നൽകുന്നു. |
| (ബി) | കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2021-22 വർഷത്തിൽ സംസ്ഥാന സർക്കാർ 2000.00 ലക്ഷം രൂപ അനുവദിക്കുകയും 2020 വർഷത്തെ കുടിശ്ശിക വിതരണം നടത്തുകയും ചെയ്തു. കൂടാതെ കൃഷി ഡയറക്ടറുടെ വിള ഇൻഷ്വറൻസ് കോർപ്പസ് ഫണ്ടിൽനിന്നും 450.00 ലക്ഷം രൂപയും കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ